## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*98** **12.03.2015 - ൽ മറുപടിക്ക്**

**<u>റോഡ് യൂസർ പെർസപ്ഷൻ സർവ്വേ</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, വർക്കല കഹാർ**<br>**,, വി.റ്റി.ബൽറാം**<br>**,, എ.റ്റി.ജോർജ്ജ്** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;<br><br>(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (എ) & (ബി) & (സി) & (ഡി) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുകയും 2014 ജൂലായ് മാസം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും, നിലവിലുള്ള പ്രോജക്റ്റ് റോഡുകളെപ്പറ്റിയുള്ള അഭിപ്രായ |

ങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗരീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡു പണി പൂർത്തീകരിച്ച ശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനു വേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേയ്ക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.